പത്തനംതിട്ട ജില്ലയിൽ ഒരു ഹെക്ടർ ഭൂമിയുടെ പാട്ടത്തുക 371 രൂപയാണ്. ഇടുക്കി ജില്ലയിൽ തേയില കൃഷിക്ക് ഹെക്ടറിന് 100 രൂപ നിരക്കിലും റബ്ബർ കൃഷിക്ക് 1 മരത്തിന് 15 രൂപ നിരക്കിലും ഏലം കൃഷിക്ക് ഹെക്ടർ ഒന്നിന് 5000 രൂപ വീതം പ്രീമിയവും ഹെക്ടറിന് പ്രതിവർഷം 250 രൂപ നിരക്കിൽ പാട്ടക്കരമായും പിരിക്കുന്നു. കോട്ടയം ജില്ലയിൽ ഹെക്ടറിന് 1300 രൂപ വീതം ഈടാക്കുന്നു. കണ്ണൂർ ജില്ലയിൽ ഹെക്ടറിന് 308 രൂപ പ്രകാരമാണ് പാട്ടത്തിന് നൽകിയിരിക്കുന്നത്.

(സി) 1964-ലെയും 1995-ലെയും കേരള ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം തോട്ടത്തിനല്ലാതെ സർക്കാർ ഭൂമി പാട്ടത്തിന് നൽകി വരുന്നുണ്ട്.

(ഡി) പാട്ടക്കാലാവധി കഴിഞ്ഞ കേസുകളിൽ പാട്ടം പുതുക്കുന്നതിന് വേണ്ടി അപേക്ഷ ലഭിക്കുന്ന കേസുകളിൽ അർഹതയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി പുതുക്കി നൽകുന്നുണ്ട്.

(ഇ) പാട്ടക്കാലാവധി തീരുന്നതിനു മുമ്പ് കാലാവധി നീട്ടിക്കൊടുക്കുന്നതിന് ചട്ടങ്ങളിൽ വ്യവസ്ഥ ഇല്ല.

പാട്ടത്തിന് നല്കിയിട്ടുള്ള ഭൂമിയുടെ പാട്ട കുടിശ്ശിക ഈടാക്കുന്നതിന് നടപടി

85 (287) ശ്രീ. എ. കെ. ബാലൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകാര്യ സ്ഥാപനങ്ങൾക്ക് പാട്ടത്തിന് നല്കിയിട്ടുള്ള ഭൂമി പതിച്ചു കൊടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള വ്യവസ്ഥകൾ എന്തെല്ലാം;

(ബി) പാട്ടത്തിന് നല്കിയിട്ടുള്ള ഭൂമിയുടെ പാട്ട കുടിശ്ശിക ഈടാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) പാട്ടക്കാലാവധി തീരുന്നതനുസരിച്ച് കാലാനുസൃതമായി പാട്ടം പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) പാട്ടഭൂമി മറിച്ചു വില്ക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ഭൂമി വീണ്ടെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) തിരുവനന്തപുരം നഗരത്തിൽ പാട്ടത്തിന് നല്കിയിട്ടുള്ള ഭൂമി ഏതെങ്കിലും സ്ഥാപനത്തിന് പതിച്ചു കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനത്തിന് എത്ര ഏക്കർ വീതം; ഇതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ–ഇ) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly